LIBRARY ARCHIVES Kerala Legislative Assembly

(3) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് പ്രായപരിധി കുറയ്ക്കാനുള്ള നീക്കം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, 45 ലക്ഷത്തോളംവരുന്ന തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവജനങ്ങളുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിലെ പ്രധാനപ്പെട്ട തൊഴിൽ ദാതാവ് ഗവൺമെന്റാണ്. സർവ്വീസ് മേഖലയിൽ നിന്ന് സർക്കാർ പിൻവലിയുന്നതിന്റെ ഭാഗമായും സർക്കാർ തലവന്മാർ കൃത്യമായി വിവരം കൊടുക്കാത്തതിന്റെ ഭാഗമായും പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതഗതിയിൽ നടക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻപ്രായം 58 വയസ്സാക്കി ഉയർത്തുമെന്ന് ഒരു പ്രചരണം വന്നിരുന്നു. ഇപ്പോൾ പി.എസ്.സി. നിയമനത്തിന് അപേക്ഷിക്കുവാനുള്ള പ്രായപരിധി കുറയ്ക്കുമെന്ന് ഒരു ശക്തമായ പ്രചരണം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. 35 വയസ് എന്നത് 30 വയസ്സാക്കി കുറച്ചാൽ കേരളത്തിലെ സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുവാൻ സാധ്യതയുള്ള ലക്ഷക്കണക്കിന് യുവജനങ്ങളെ ഇത് ബാധിക്കുമെന്നുള്ള വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, 1997-ൽ അന്നത്തെ മുഖ്യമന്ത്രി ചെയർമാനായിട്ട് രൂപീകരിച്ച ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ഒമ്പതാമത് റിപ്പോർട്ടിലാണ് നിലവിലുള്ള ഉയർന്ന പ്രായപരിധി ഘട്ടംഘട്ടമായി അഞ്ചുവർഷം കുറയ്ക്കുവാൻ ശുപാർശ ചെയ്തത്. ഈ സർക്കാർ അല്ല. പഴയ സർക്കാരാണ്. ഈ ശുപാർശയിന്മേൽ ഇപ്പോഴത്തെ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്ന ഒരു വിഷയമായതിനാൽ വിശദമായ ചർച്ചകൾ നടത്തി ഗുണദോഷങ്ങൾ വിലയിരുത്തിയശേഷം മാത്രമേ ഈ കാര്യത്തിൽ തീരുമാനം കൈവരിക്കുകയുള്ളൂ. ഒമ്പതാമത് റിപ്പോർട്ടിലെ ശുപാർശകളെക്കുറിച്ച് സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രായപരിധി കുറയ്ക്കേണ്ടതില്ലെന്നാണ് ഇതിനെക്കുറിച്ച് പഠിച്ച ഇപ്പോഴത്തെ ഗവൺമെന്റിന്റെ മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തിട്ടുള്ളത്. സത്യം അറിയാതെയാണ് അങ്ങ് ഞങ്ങളെ കുറ്റപ്പെടുത്തുന്നത്. നിങ്ങളുടെ പാർട്ടി ഭരിച്ചപ്പോഴുണ്ടായ ശുപാർശയാണ് ; ഞങ്ങൾ അത് അംഗീകരിച്ചിട്ടില്ല.

(4) ചെറുകിട ജലസേചന പദ്ധതികൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റിൽ തുക അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, കേരളത്തിലെ കർഷകർ പ്രധാനമായും ചെറുകിട ജലസേചന പദ്ധതികളാണ് ജലസേചനത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് എന്റെ മണ്ഡലത്തിലെ മേക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉൾപ്പെടെ പണിനടക്കുന്നതും നടക്കാനുള്ളതുമായ 100 കണക്കിനു ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രതിസന്ധിയിലേക്ക് പോവുകയാണ്. ബഡ്ജറ്റിൽ ഇന്ന് ഇതിന് പ്രൊവിഷനില്ല. അതുകൊണ്ട് അടിയന്തരമായി ഈ കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, നബാർഡ് സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നതും പുതിയതായി തുടങ്ങേണ്ടതുമായ പല പദ്ധതികൾക്കും പ്ളാനിംഗ് ബോർഡിൽനിന്ന് പ്ളാൻ അലോക്കേഷൻ ലഭിക്കാത്തതുകാരണം ബഡ്ജറ്റിൽ തുക വകകൊള്ളിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യം ഭരണവകുപ്പു പ്ളാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് ആവശ്യമായ പ്ളാൻ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(5) ചെമ്മുലങ്ങോട് എസ്.വി.എ.എൽ.പി. സ്കൂൾ കെട്ടിടം റിപ്പയർ ചെയ്ത് സ്കൂൾ പ്രവർത്തനം പുനരാരംഭിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, തൃത്താല അസംബ്ളി നിയോജകമണ്ഡലത്തിലെ പട്ടാമ്പി ഉപവിദ്യാഭ്യാസ ജില്ലയിൽപ്പെട്ട പരതൂർ പഞ്ചായത്തിലെ എസ്.വി.എ.എൽ.പി. സ്കൂൾ കെട്ടിടം റിപ്പയർ ചെയ്ത് പഠന സൗകര്യമേർപ്പെടുത്തണം. സ്കൂളിന്റെ ഒരു ഭാഗം തകർന്നുപോയി. മേൽക്കൂരയും ഏതു നിമിഷവും തകർന്നുപോകുമെന്ന ഘട്ടത്തിലാണ്. മുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ ജീവൻ ഭയന്ന് രക്ഷകർത്താക്കൾ കുട്ടികളെ അയയ്ക്കുന്നില്ല. അതുകൊണ്ട് ആ സ്കൂളിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. മറ്റു സ്കൂളുകളൊക്കെ കിലോമീറ്ററുകളോളം അകലെയാണ്. അതുകൊണ്ട് ഈ കുട്ടികൾക്ക് മറ്റു സ്കൂളുകളിൽ പോകാൻ കഴിയുന്നില്ല. ആ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസം ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. ആ സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി അടിയന്തരമായി നടത്തി അവിടെ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തണം. അല്ലെങ്കിൽ ആ സ്കൂൾ സർക്കാർ ഏറ്റെടുത്ത് ആ പ്രദേശത്തെ കുട്ടികളുടെ പഠനസൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ : പ്രൈവറ്റ് സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നാണോ പറയുന്നത് ?

ശ്രീ. വി. കെ. ചന്ദ്രൻ : അല്ലാതെ വേറെ എന്തു ചെയ്യും, ഒട്ടനവധി സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അല്ലാതെ എന്തു ചെയ്യാൻ ? കുട്ടികൾക്കു പഠിക്കണ്ടേ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, പട്ടാമ്പി ഉപജില്ലയിലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിദ്യാലയം ഉപയോഗയോഗ്യമല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതു താൽക്കാലികമായി റിപ്പയർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തു. 7 ക്ളാസ്സുകൾ 8-7-2003 മുതൽ ഒരു മദ്രസാ കെട്ടിടത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തിക്കാനും 31-7-2003-നു മുമ്പ് പണി പൂർത്തിയാക്കാനും ഡി.ഇ.ഒ.-യ്ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാർ ആ സ്കൂൾ ഏറ്റെടുക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly